# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1031 28.04.2017 - ൽ മറുപടിക്ക്

## സർട്ടിഫിക്കറ്റുകളുടെകാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| താലൂക്ക് ഓഫീസുകളിൽ നിന്നും വില്ലേജ് ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?. | നിലവിൽ അഗതി സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവ ഒഴികെയുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രത്യേക ആവശ്യത്തിനായാണ് നൽകുന്നത്. പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**